ഹയർസെക്കന്ററി ഡയറക്ടറുടെ
ഓഫീസ്, ഹൗസിംഗ് ബോർഡ്
ബിൽഡിംഗ്, ശാന്തിനഗർ,
തിരുവനന്തപുരം.

**ഫിൻ സി1/119640/2018/ഹസെവി** **തീയതി : 06/07/2018**

## സർക്കുലർ

വിഷയം : ഹസെവി – ഫിനാൻസ് – ദിവസവേതന ജീവനക്കാർക്ക് ശമ്പളം നൽകുന്നതിനുള്ള ശീർഷകം മാപ്പ് ചെയ്യുന്നത്– സംബന്ധിച്ച്.

സൂചന : *1. 20-06-2018 ലെ 56/2018/ഫിൻ നമ്പർ സർക്കുലർ.*

പാർട്ട് ടൈം കണ്ടിജന്റ്/ ദിവസവേതന/ കാഷ്വൽ/ കരാർ ജീവനക്കാരുടെ വേതന ബില്ലുകൾ 02 – വേതനം എന്ന ഡീറ്റെയിൽഡ് ശീർഷകത്തിന് കീഴിലുള്ള ഒബ്ജക്റ്റ് ശീർഷകങ്ങളിൽ നിന്നുതന്നെ മാറണമെന്നുള്ള സർക്കാർ നിർദ്ദേശ പ്രകാരം എല്ലാ എയ്ഡഡ്/ ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളുകളുടെയും ഡി ഡി ഒ കോഡ് BAMS സോഫ്റ്റ് വെയറിൽ മാപ്പ് ചെയ്തിട്ടുണ്ട്. ഇതു പ്രകാരം എയ്ഡഡ് ഹയർ സെക്കന്ററി സ്കൂളുകളിലെ ഗസ്റ്റ് അധ്യാപകരുടെ ശമ്പളം 2202-02-110-94-00-02-05 (NP) എന്ന ശീർഷകത്തിൽ നിന്നും ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളുകളിലെ ഗസ്റ്റ് അധ്യാപകരുടെ വേതനം 2202-02-109-86 -00-02-05 (NP) എന്ന ശീർഷകത്തിൽ നിന്നും ആണ് മാറേണ്ടത്. പ്രസ്തുത ശീർഷകങ്ങൾ BAMS ൽ മാപ്പ് ചെയ്യാത്തതു മൂലം ഗസ്റ്റ് അധ്യാപകരുടെ ശമ്പളം പ്രോസസ് ചെയ്യാൻ സാധിക്കാത്ത സ്കൂളുകളിലെ പ്രിൻസിപ്പാൾമാർ അതാത് സ്കൂളുകളുടെ ഡി ഡി ഒ കോഡ് (10 Digits) dhsefinc5@gmail.com എന്ന ഇ മെയിൽ അഡ്രസിലേക്ക് മെയിൽ ചെയ്യേണ്ടതാണ്.

**Sd/-**
**സീനിയർ ഫിനാൻസ് ഓഫീസർ**
**ഡയറക്ടർക്കുവേണ്ടി**

പകർപ്പ്: എല്ലാ പ്രിൻസിപ്പാൾമാർക്കും.